## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3556 19.02.2013-ൽ മറുപടിക്ക്

## സേവനാവകാശ നിയമം നടപ്പാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.തിലോത്തമൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശനിയമം നിലവിൽ വന്നതായി പ്രഖ്യാപിച്ച 2012 നവംബർ മാസം 1-ാം തീയതിക്കുശേഷം എത്ര മാസങ്ങൾക്കുള്ളിൽ ഓരോ വകുപ്പും സേവനം ജനങ്ങളുടെ അവകാശമായി അംഗീകരിച്ചുകൊണ്ട്, അതുറപ്പാക്കുവാനുള്ള വിജ്ഞാപനം ഇറക്കണമായിരുന്നു എന്ന് വ്യക്തമാക്കാമോ ; | (എ) പ്രസ്തുത നിയമം 3-ാം വകുപ്പനുസരിച്ച്, നിയമം പ്രാബല്യത്തിൽ വന്ന് ആറു മാസത്തിനകം ഓരോ സർക്കാർ വകുപ്പും/ സ്ഥാപനവും ടി നിയമം 2(ജി) വകുപ്പ് പ്രകാരം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യേണ്ടതായ സേവനങ്ങളും, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. |
| (ബി) ഇപ്രകാരമുള്ള വിജ്ഞാപനങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ എല്ലാ വകുപ്പുകളും ഇറക്കിയിട്ടുണ്ടോ ; | (ബി) ഇതുവരെ 20 വകുപ്പുകൾ/സ്ഥാപനങ്ങൾ പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഇറക്കിയ വിജ്ഞാപനങ്ങൾ എല്ലാം നിയമപരമായ പിൻബലം ഉള്ളവയാണോ ; ഇല്ലെങ്കിൽ സേവനാവകാശ നിയമത്തിന്റെ ഭാവി എന്താകുമെന്ന് വ്യക്തമാക്കാമോ ; | (സി) പ്രസ്തുത നിയമത്തിന്റെ 3-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഗസറ്റ് വിജ്ഞാപനങ്ങൾക്കും നിയമപരമായ പിൻബലം ഉണ്ട്. |
| (ഡി) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിനുമുമ്പ് കേരളത്തിലെ വിവിധ വകുപ്പുകളിൽ നടപ്പിലാക്കേണ്ട | (ഡി) സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നതേയുള്ളൂ. ടി നിയമം നടപ്പിലാക്കുമ്പോൾ കൂടുതൽ ജോലിഭാരം പുതുതായി |

| | |
|---|---|
| സൗകര്യങ്ങളും ഓരോ ഓഫീസുകളിലും അധിക തസ്തികകൾ അടക്കം കൊണ്ടുവരേണ്ട പുതിയ സാഹചര്യങ്ങളും ഫലവത്തായി ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ ഇപ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | ഉണ്ടാകുമെന്ന് കരുതുന്നില്ല. ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് യാതൊരു ബുദ്ധിമുട്ടും ഇപ്പോൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ .